# Desabhimani

## 22 August 2018

## Kochi, After Flood, Cleaning Yajna, CPI(M) Volunteers



# 5000 സിപിഐ എം വളന്റിയർമാർ ശുചീകരണ യജ്ഞത്തിൽ

**കൊച്ചി**

പ്രളയദുരിതം നേരിടുന്ന ജില്ലയിൽ ചെളിയും മാലിന്യങ്ങളും അടിഞ്ഞ് വാസയോഗ്യമല്ലാതായിത്തീർന്ന വീടുകളും സ്ഥാപനങ്ങളും ശുചീകരിക്കുന്നതിന് സിപിഐ എം പ്രവർത്തകർ രംഗത്ത്. ചൊവ്വാഴ്ച 5000 സിപിഐ എം പ്രവർത്തകരാണ് രംഗത്തിറങ്ങിയത്. . ശുചീകരണ പ്രവർത്തനങ്ങൾക്കാവശ്യമായ ബ്ലീച്ചിങ് പൗഡർ,സോപ്പ് വാട്ടർ, ഫിനോൾ തുടങ്ങിയ രാസവസ്തുക്കൾ ഇവർക്ക് നൽകിയിരുന്നു. ഗൺ ബൂട്ട്, ഗ്ലൗസ്, മൗത്ത് മാസ്ക് എന്നിവ ധരിച്ചായിരുന്നു ശുചീകരണ പ്രവർത്തനം.

ഇതോടൊപ്പം പാർട്ടി പ്രവർത്തകരും അഭ്യുദയകാംക്ഷികളും മനുഷ്യസ്നേഹികളാകെയും തങ്ങളാലാകുന്ന സാമ്പത്തിക സഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അയക്കണമെന്നും സിപിഐ എം ജില്ലാ കമ്മിറ്റി അഭ്യർഥിച്ചു.